# കേരള സർക്കാർ

## സ്റ്റോർസ് പർച്ചേസ് (എ) വകുപ്പ്

## സർക്കുലർ

നമ്പർ 3038/എ2/08/എസ്.പി.ഡി. *തിരുവനന്തപുരം, 2009 ജനുവരി 30.*

വിഷയം:— ചെറുകിട വ്യവസായ സ്ഥാപനങ്ങൾ നിർമ്മിക്കുന്ന ഉൽപന്നങ്ങൾക്ക് സ്റ്റോർസ് പർച്ചേസ് മാനുവലിൽ അനുശാസിക്കുന്ന സംവരണം ലഭ്യമാക്കുന്നത് സംബന്ധിച്ച്.

സ്റ്റോർസ് പർച്ചേസ് മാനുവലിലെ ഖണ്ഡിക 38A പ്രകാരം ഇലക്ട്രിക്കൽ ഫിറ്റിംഗ്സ് ഉൾപ്പെടെ സ്റ്റോർസ് പർച്ചേസ് മാനുവലിന്റെ Appendix XXVIII-ൽ ഉൾക്കൊളളിച്ചിട്ടുള്ള ഇനങ്ങൾ കേരളത്തിലെ ചെറുകിട വ്യവസായ സ്ഥാപനങ്ങളിൽ നിന്നും മാത്രം വാങ്ങേണ്ടതാണെന്നും കേരളത്തിലുള്ള ചെറുകിട വ്യവസായ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാകാത്ത സാഹചര്യത്തിൽ കേരളത്തിന് പുറത്തുള്ള ചെറുകിട വ്യവസായ സ്ഥാപനങ്ങളിൽനിന്നും വാങ്ങേണ്ടതാണ് എന്നും നിഷ്കർഷിച്ചിട്ടുണ്ട്.

എന്നാൽ, സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഉൾപ്പെടെ സർക്കാർ തലത്തിലുള്ള ചില സ്ഥാപനങ്ങളിലെ പർച്ചേസിംഗ് ഓഫീസർമാർ ഇലക്ട്രിക്കൽ ഫിറ്റിംഗ്സ് ഉൾപ്പെടെ സ്റ്റോർസ് പർച്ചേസ് മാനുവൽ പ്രകാരം ചെറുകിട വ്യവസായ സ്ഥാപനത്തിൽ നിന്നും വാങ്ങുന്നതിനായി സംവരണം ചെയ്തിട്ടുള്ള ഇനങ്ങൾ ചെറുകിട വ്യവസായ സ്ഥാപനങ്ങളിൽ നിന്നും വാങ്ങുന്നതിൽ വിമുഖത കാണിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മാത്രമല്ല, പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സ്റ്റോർസ് പർച്ചേസ് മാനുവലിലെ നിബന്ധനകൾക്ക് [ഖണ്ഡിക 24 b (iv)] വിരുദ്ധമായി ബ്രാൻഡ് നെയിം ഉൾപ്പെടുത്തി ടെണ്ടർ പരസ്യങ്ങൾ നൽകുന്നതായും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മേൽവിഷയങ്ങൾ സംബന്ധിച്ച നിരവധി പരാതികൾ സർക്കാരിന് ലഭിക്കുകയുണ്ടായി. ഇവ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സ്റ്റോർസ് പർച്ചേസ് മാനുവലിന്റെ Appendix XXVIII-ൽ ഉൾക്കൊള്ളിച്ചിട്ടുള്ളതും ചെറുകിട വ്യവസായ സ്ഥാപനങ്ങൾ ഉല്പാദിപ്പിക്കുന്നതുമായ ഉൽപന്നങ്ങളുടെ (ഇലക്ട്രിക്കൽ ഫിറ്റിംഗ്സ് ഉൾപ്പെടെ) വാങ്ങലുകളിൽ പാലിക്കേണ്ട സംവരണം സംബന്ധിച്ച് താഴെപ്പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

GCPT. 3/476/2009/DTP.

സർക്കാർ മേഖലയിലെ വാങ്ങലുകൾ നടത്തുമ്പോൾ സ്റ്റോർസ് പർച്ചേസ് മാനുവലിന്റെ Appendix XXVIII പ്രകാരം ചെറുകിട വ്യവസായ മേഖലകൾക്ക് സംവരണം ചെയ്തിട്ടുള്ള ഇലക്ട്രിക്കൽ ഫിറ്റിംഗ്സ് ഉൾപ്പെടെയുള്ള ഇനങ്ങൾ ചെറുകിട വ്യവസായ സ്ഥാപനങ്ങളിൽ നിന്നും വാങ്ങേണ്ടതാണ്. സംസ്ഥാനത്തുടനീളം ഇത്തരം ഉല്പന്നങ്ങളുടെ ഗുണമേന്മ നിശ്ചയിക്കുന്നതിനും വില ഏകീകരിക്കുന്നതിനുമുള്ള ചുമതല ചെറുകിട വ്യവസായ സ്ഥാപനങ്ങളുടെ ഉന്നമനത്തിനായി പ്രവർത്തിക്കുന്ന സർക്കാർ സ്ഥാപനമായ കേരള സിഡ്കോയിൽ നിക്ഷിപ്തമായിരിക്കും. കേരള സിഡ്കോ ഈ ഉല്പന്നങ്ങൾക്ക് കമ്പോള വില നിലവാരമനുസരിച്ചും സർക്കാരിന് നഷ്ടം വരാത്ത വിധത്തിലും വില ഏകീകരിച്ച് നൽകേണ്ടതാണ്. സർക്കാർ/അർദ്ധസർക്കാർ/തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉൾപ്പെടെ സ്റ്റോർസ് പർച്ചേസ് മാനുവലിന്റെ പരിധിയിൽ വരുന്ന പർച്ചേസിംഗ് ഓഫീസർമാർ വാങ്ങലുകൾ നടത്തുമ്പോൾ കർശനമായും മേൽനിബന്ധനകൾ പാലിക്കേണ്ടതാണ്.

കെ. എ. ആന്റണി,
*അഡീഷണൽ സെക്രട്ടറി.*

എല്ലാ വകുപ്പ് തലവൻമാർക്കും (സർക്കാർ/അർദ്ധസർക്കാർ/സ്വയംഭരണ/തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഉൾപ്പെടെ).

മാനേജിംഗ് ഡയറക്ടർ, കേരള സിഡ്കോ, തിരുവനന്തപുരം.

എല്ലാ ജില്ലാ കളക്ടർമാർക്കും.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.

അഡ്വക്കേറ്റ് ജനറൽ, എറണാകുളം.

എല്ലാ യൂണിവേഴ്സിറ്റി രജിസ്ട്രാർമാർക്കും.

നഗരകാര്യവകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

ഗ്രാമവികസന കമ്മീഷണർ.

പബ്ലിക് റിലേഷൻസ് വകുപ്പ് ഡയറക്ടർ.

സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും/സെക്ഷനുകൾക്കും.

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.